# പതിമൂന്നാം കേരള നിയമസഭ

**ചോദ്യം**

ശ്രീ. എൻ. ഷംസുദ്ദീൻ :

(എ) എല്ലാ മെഡിക്കൽ കോളേജുകളിലേയും ഓൺകോളജി വിഭാഗത്തിലെ ഡോക്ടർമാരുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) ഓൺകോളജി വിഭാഗത്തിലെ ഉപകരണങ്ങൾ പഴക്കംചെന്നവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

**ഉത്തരം**

ശ്രീ. അടൂർപ്രകാശ്
(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി (ഓൺകോളജി) വിഭാഗത്തിൽ 25 ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

(ബി) കാൻസർ ചികിത്സാ വിഭാഗത്തിലെ പഴക്കം ചെന്നിട്ടുള്ള ഉപകരണങ്ങളിലെ സോഴ്സ് ബാർക്കിന്റെ (BARC) സഹകരണത്തോടെ മാറ്റി പുതിയവ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുന്നുണ്ട്. കൂടാതെ കാലഹരണപ്പെട്ട ഉപകരണങ്ങൾ നീക്കം ചെയ്ത് ബൈ ബാക്ക് പോളിസി വഴി പുതിയ മെഷീനുകൾ വാങ്ങുന്നുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ 9 കോടി രൂപ ചെലവിൽ അത്യാധുനിക ഉപകരണമായ ലീനിയർ ആക്സിലേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ 2 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ടി തുകയും അധികമായി വേണ്ടുന്ന തുകയും ഉപധനാഭ്യർത്ഥന വഴി വകയിരുത്തുന്നതിനും വേണ്ടിയുള്ള പ്രൊപ്പോസൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾക്കൊള്ളിച്ച് മറ്റു മെഡിക്കൽ കോളേജുകളിലും ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (സി) പ്രസ്തുത വിഭാഗത്തിനായി അനുവദിച്ച കേന്ദ്ര ഫണ്ടുകൾ പാഴാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഫണ്ടുകൾ പാഴാകുന്നില്ല. സർക്കാർ മെഡിക്കൽ കോളേജുകളിൽ നാഷണൽ കാൻസർ കെയർ പ്രോഗ്രാം ഫണ്ടുവഴി അനുവദിച്ച 3 കോടി രൂപ റേഡിയോ തെറാപ്പി വിഭാഗത്തിന്റെ വികസനത്തിനായി പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. |
| (ഡി) എല്ലാ ജില്ലാ ആശുപത്രികളിലും ഓൺകോളജി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) നിലവിൽ ആരോഗ്യവകുപ്പിന് കീഴിൽ എറണാകുളം ജനറൽ ആശുപത്രിയിൽ മാത്രമാണ് ഓൺകോളജി വിഭാഗം പ്രവർത്തിക്കുന്നത്. ക്യാൻസർ, പ്രമേഹം, ഹൃദ്രോഗം, പക്ഷാഘാതം എന്നിവ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള ദേശീയ ആരോഗ്യപരിപാടിയുടെ ഭാഗമായി പദ്ധതി നടപ്പാക്കുന്ന ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, കോഴിക്കോട്, ഇടുക്കി എന്നിവിടങ്ങളിലെ ജില്ല/ജനറൽ ആശുപത്രികളിൽ Day care Chemotherapy ചികിത്സ നൽകുവാനുള്ള സൗകര്യത്തിനായി District Cancer Facility ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ